ഓട്ടോറിക്ഷ വിതരണം നടത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ യുവതികൾക്ക് സൗജന്യമായി ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് കരസ്ഥമാക്കി കൊടുക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു.

(ബി) പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ നേടികൊടുക്കുന്നതോടൊപ്പം സ്ഥിരവരുമാനം ഉറപ്പാക്കി ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം.

(സി) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട് ജീവിച്ചു വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും സ്ഥിരവരുമാനം ഉറപ്പാക്കി സ്വയംപര്യാപ്തമാക്കി ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ഡി) പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത് ജില്ലാതലത്തിലായിരുന്നു. ജില്ലാതലത്തിൽ ഓരോ പട്ടികവർഗ്ഗ സമുദായത്തിനും ജനസംഖ്യക്ക് ആനുപാതികമായി പ്രാതിനിധ്യം നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ആനുപാതിക പ്രാതിനിധ്യം നൽകുന്നതിന് ഒരു സമുദായത്തിൽ നിന്നും അപേക്ഷകർ ഇല്ലാതെ വന്നാൽ ടി അവസരം മറ്റ് പട്ടികവർഗ്ഗ സമുദായക്കാർക്ക് നൽകിയിരുന്നു. അപേക്ഷകരിൽ അവിവാഹിതരായ അമ്മമാർ, അവരുടെ ആശ്രിതർ, വിധവകൾ, വിധവകളുടെ അവിവാഹിതരായ മക്കൾ, സ്ത്രീകൾ കുടുംബനാഥയായുള്ള കുടുംബത്തിലെ പെൺകുട്ടികൾ എന്നിവർക്ക് മുൻഗണന നൽകിയിരുന്നു. ജില്ലാ കളക്ടർ ചെയർമാനായ ഇന്റർവ്യൂ ബോർഡ് കൂടിക്കാഴ്ച നടത്തിയാണ് അപേക്ഷകരിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്.

പോഷകാഹാരക്കുറവുമൂലം മരണപ്പെട്ട പട്ടികവർഗ്ഗ ഗർഭിണികൾ

262 (3423) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിനുശേഷം പോഷകാഹാരക്കുറവുമൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഗർഭിണികൾ മരണപ്പെടുകയുണ്ടായി ;

(ബി) പ്രസ്തുത സംഭവത്തെ തുടർന്ന് പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്ക് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അതിനായി എത്ര തുക ഇതിനോടകം ലഭ്യമാക്കിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2011-ന് ശേഷം സംസ്ഥാനത്ത് പോഷകാഹാരക്കുറവുമൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾ മരിച്ചതായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

അടിച്ചിൽത്തൊട്ടി കോളനി റോഡ് നിർമ്മാണം

263 (3425) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി-ആനമല റോഡിൽ നിന്നും അടിച്ചിൽത്തൊട്ടി കോളനിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ നീക്കി, നിർമ്മാണം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അടിച്ചിൽത്തൊട്ടി കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ പ്രതല മുപ്പർ ജില്ലാ കളക്ടറെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി&സി) നിർമ്മാണ പ്രവർത്തനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ

264 (3426) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികവർഗ്ഗക്ഷേമത്തിനായി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളുടെ പേരും അതിന്റെ നടത്തിപ്പിനായി നീക്കി വച്ച ബഡ്ജറ്റ് വിഹിതവും പ്ലാൻ, നോൺ പ്ലാൻ തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഉണ്ടായ ചെലവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഓരോ വർഷവും ലാപ്സായ തുക ഓരോ പദ്ധതിയിലും എത്രയെന്ന് പറയാമോ;

(സി) ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് മാറ്റിവച്ച പദ്ധതികൾ ഉണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly